**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1198** **27-07-2021 - ൽ മറുപടിയ്ക്ക്**

**സി.എൻ.ജി. ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളെ സി.എൻ.ജി. ബസ്സുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (എ) | ഉണ്ട്. പരിസ്ഥിതിയ്ക്ക് ഇണങ്ങിയതും ചിലവ് കുറഞ്ഞതുമായ ഇന്ധന ഉപയോഗത്തിലേക്ക് KSRTC വാഹനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി. സി.യുടെ നിലവിലുള്ള 5 ഡീസ്സൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള 28.06.2021-ൽ നടന്ന പുനർദർഘാസിൽ പങ്കെടുത്ത കമ്പനികൾ സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ചു വരുന്നു. നിലവിലുള്ള 3000 ഡീസൽ ബസ്സുകൾക്ക് വാഹന നിർമ്മാതാക്കളിൽ നിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി പരിവർത്തനം നടത്തുന്ന പദ്ധതിയും പുരോഗതിയിലാണ്. സി.എൻ.ജി ബസ്സുകൾ പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽ നിന്നും ഒരു സി.എൻ.ജി ബസ്സ് വാങ്ങുകയും 23.03.2018 മുതൽ കെ.എസ്. ആർ.ടി.സി ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ